കേരള പോലീസ്
KERALA POLICE

# ഭക്ഷണത്തിൽ മയക്കുമരുന്ന് കലർത്തി നൽകിയ ശേഷം മോഷണം നടത്തിയ യുവതി പിടിയിൽ



അതിരമ്പുഴ: കോട്ടമുറി ഭാഗത്ത് പണ്ടാരക്കളം വീട്ടിൽ അമ്മിണി ജോസഫി(85)-നെ മയക്കി കിടത്തി കഴുത്തിൽ കിടന്ന ഒന്നര പവൻ മാല 17.12.18 തീയതി മോഷണം നടത്തിയ കേസിലെ പ്രതിയായ കണക്കാരി ഭാഗത്ത് താമസിക്കുന്ന മഴുവനാകുന്നേൽ പ്രസാദിന്റെ മകൾ പ്രവീണയെ ഏറ്റുമാനൂർ പോലീസ് പിടികൂടി.

അയൽ വീട്ടിലെ പുതിയ ജോലിക്കാരിയാണ് എന്ന് അമ്മിണിയെ പറഞ്ഞു വിശ്വസിപ്പിച്ച പ്രവീണ അമ്മിണിയെ വീട്ടുജോലിയിൽ സഹായിക്കുയും തുടർന്ന് ആഹാരത്തിൽ മയക്കുമരുന്ന് ചേർത്ത് നൽകുകയയിരുന്നു, തുടർന്ന് അമ്മിണിയുടെ കഴുത്തിലെ സ്വർണ്ണമാലയും വീട്ടിൽ സൂക്ഷിച്ചിരുന്ന 4650 രൂപയുമായി പ്രവീണ കടന്നു കളയുകയായിരുന്നു.

ജില്ലാ പോലീസ് മേധാവി ശ്രീ.ഹരിശങ്കർ IPS ന് ലഭിച്ച രഹസ്യ വിവരത്തിന്റെ അടിസ്ഥാനത്തിൽ നമ്പ്യാകുളത്ത് വച്ച് ഏറ്റുമാനൂർ സിഐ തോമസ് ,എസ് .സിപിഒ പ്രമോദ്, ജേക്കബ് ,വനിത സിസിപിഒ ബിന്ദു, എന്നിവർ ചേർന്ന് അറസ്റ്റ് ചെയ്യുകയായിരുന്നു.

***ജില്ലാ പോലീസ്, കോട്ടയം***